

# E-EZHUTH

# 2020


## LK

## POPE PIUS XI HSS

## KATTANAM



**പോപ്പ് പയസിലെ ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ കുട്ടികൾ ഡിജിറ്റൽ മാഗസിൻ നിങ്ങളുടെ മുമ്പിൽ സവിനയം സമർപ്പിക്കുന്നു .**



# എഡിറ്റോറിയൽ

സാങ്കേതിക വിദ്യയുടെ കുത്തൊഴുക്കിൽ നമ്മുടെ മലയാളം കുത്തൊലിച്ചു പോകുമോ എന്ന ഭയം ഒഴിഞ്ഞു പോകുന്ന കാഴ്ചകളാണ് എല്ലായിടത്തും .ഇൻറർനെറ്റിൽ മലയാളം നിറയുകയാണ് . ബ്ലോഗും ഫേസ്ബുക്കും വാട്സാപ്പും ഇതിന്റെ അനന്തസാധ്യതകൾ തുറന്നിടുകയാണ് . അക്ഷരങ്ങളെ സ്നേഹിക്കുന്നവർക്ക് വായനയുടെ പുത്തൻ ലോകം തുറക്കുകയായി . 1984 ൽ ആദ്യ ഓൺലൈൻ മാസിക പിറന്നു .പിന്നീട് ഒരു കുതിപ്പ് ആയിരുന്നു . ആ കുതിപ്പിൽ നമ്മളും ചേരുകയാണ് .അതിനു വഴിയൊരുക്കുന്നത് നമുക്കായി സർക്കാർ രൂപീകരിച്ച ലിറ്റിൽ കൈറ്റ്സ് എന്ന പ്രസ്ഥാനമാണ് . വിദ്യാർത്ഥി ലോകത്തെ എഴുത്തുകാർക്കും വായനക്കാർക്കും വേണ്ടിയാണിത് .കൂട്ടുകാരെ മാടിവിളിക്കുന്ന പലതരം ലഹരികൾ കലാലയത്തിലേക്ക് പടരുകയാണ് . അത് മയക്കമരുന്നുകൾ പോലെയുള്ള ലഹരികൾ മാത്രമല്ല . അയൽക്കാരനെ സ്നേഹിക്കാൻ പഠിപ്പിക്കുന്നതിന് പകരം വെറുക്കാൻ പഠിക്കുന്നത് കൂടിയാണ് . അവിടെ മതസാഹോദര്യത്തിന്റെയും സ്നേഹത്തിന്റെയും പതാകവാഹകരാകാൻ നമുക്ക് കഴിയണം . എഴുത്തുകാർ എന്നും ലോകത്തെ മുന്നോട്ടു നയിച്ചവരാണ് . അറിവിന്റെയും നന്മയുടെയും വഴികാട്ടിയവരാണ് സംസ്കാരത്തെ അങ്കുരിപ്പിച്ചവർ . കാലത്തേ മുന്നോട്ട് നയിക്കുന്ന പുത്തൻ മൺചിരാതുകൾ തെളിയിക്കാൻ നമുക്കാകുമെന്ന പ്രതീക്ഷയോടെ ഇ-എഴുത്ത് 2020 സമർപ്പിക്കുന്നു -

ചീഫ് എഡിറ്റർസ് :

**അനന്ദു എസ് , ശ്രീജിത്ത് വി**

# വൃക്ഷം

ചൂടേൽക്കുമ്പോൾ തടയാനും
ജീവശ്വാസം നൽകാനും
ദൈവം തന്നുടെ വരദാനം
അനുഗ്രഹമായൊരു വൃക്ഷം

ഉലകിലുള്ള സർവ
ജീവജാലത്തിനും തണലായി
ദൈവം തന്നുടെ വരദാനം
അനുഗ്രഹമായൊരു വൃക്ഷം

ഈ ഭൂമിക്ക് പച്ചപ്പിനെത്തരാനും
ഈ ഉലകിനെ കാക്കാനും
ദൈവം തന്നുടെ വരദാനം
അനുഗ്രഹമായൊരു വൃക്ഷം

**-അനുശ്രീ 8h**



# ഉറൂബ്



മലയാളത്തിലെ ഒരു നോവലിസ്റ്റും കഥാകൃത്തുമായിരുന്നു ഉറൂബ് എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന പി സി കുട്ടികൃഷ്ണൻ .കവി,ഉപന്യാസകാരൻ ,അദ്ധ്യാപകൻ പത്രപ്രവർത്തകൻ തിരകഥാകൃത് എന്നീ നിലകളിലും അറിയപ്പെടുന്നു. അവകാശ വാണിയുടെ കോഴിക്കോട് നിലയത്തിൽ 25 വർഷത്തോപ്രവർത്തിച്ചു .പല ജനപ്രിയ പരിപാടികളുടെയും നിർമാതാവായിരുന്നു അദ്ദേഹം . പ്രകൃതി സ്നേഹിയും ഗാന്ധിയനുമായിരുന്ന അദ്ദേഹം കേരള സാഹിത്യ അക്കാദമി അധ്യക്ഷനായും മലയാള മനോരമയുടെ പത്രാധിപരായും പ്രവർത്തിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിലെ പൊന്നാനിക്കടുത്തുള്ള പള്ളപ്രം ഗ്രാമത്തിൽ കരുണാകരമേനോന്റെയും പാറുക്കുട്ടിഅമ്മയുടെയും മകനായി 1915 ജൂൺ 8-നാണ് പരുത്തൊളി ചാലപ്പുറത് കുട്ടികൃഷ്ണൻ എന്ന പി സി കുട്ടികൃഷ്ണൻ ജനിച്ചത്. ഉമ്മാച്ചു (1954),സുന്ദരികളും സുന്ദരന്മാരും (1958)എന്നീ രണ്ടു നോവലുകളാണ് അദ്ദേഹത്തിന്റെ ശ്രേഷ്ഠകൃതികളായി കരുതപ്പെടുന്നത്.നോവലിനുള്ള ആദ്യ കേരള സാഹിത്യ അക്കാദമി പുരസ്കാരവും(1958,ഉമ്മാച്ചു) ,കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരവും(1960,സുന്ദരികളും സുന്ദരന്മാരും) അദ്ദേഹത്തെ തേടിയെത്തി .

കൃതികൾ : ആമിന
കുഞ്ഞമ്മയും കൂട്ടുകാരും
നീർച്ചാലുകൾ
തേന്മുള്ളുകൾ
നിഴലാട്ടം
പിറന്നാൾ
തീകൊണ്ടു കളിക്കരുത്
മണ്ണും പെണ്ണും

അദ്ദേഹം 1979 ജൂലൈ 10-ന് കോട്ടയത്തു വച്ച് അന്തരിച്ചു.

-അനന്ദു എസ്സ്



# മകളെ നിനക്കായി

മലാല ,
നിൻ ശിരസ്സപിളർന്ന വെടിയുണ്ട
എന്റെ ഹൃദയത്തെ മധിക്കവേ ,
നിശ്ചേതനമായി കണ്ട നിൻ തുമുഖം
ഒരു പൂജ പുഷ്പമായി മാറിയില്ലേ
നിൻ ജീവനായി നോമ്പു പെറ്റ
വിഹ്വലദിനങ്ങളിൽ
നിനക്കായി കൊഴിഞ്ഞ ,
ഓരായിരം കണ്ണീർ കണങ്ങൾ
ആയുസ്സിന്റെ പുസ്തകങ്ങളിൽ
ഏറെ സംവൽസരം നിനക്കേകി
എന്നുമായിറോം സ്ത്രീകൾതൻ ശാപമായിതീരാവേ ,
നിന്നിൽ പുനർജനിക്കട്ടെ
,ആയിരം സ്വാതന്ത്ര്യചിന്തകൾ.
മകളെ ,അതാണ് നോബൽ
നീ സമാധാനത്തിന്റെ വെള്ളരി പ്രാവ്

**- നിഖിൽ എം**



# അമ്മ



ഒരായിരം കണ്ണുകൾ
തേടും ഒരേയൊരു
വാക്കു മാത്രം
ഒരു മധുരമായ തേൻ തുള്ളി പോലെ
അമ്മ എന്ന രണ്ട് അക്ഷരം മാത്രം
ചൊല്ലും ചെറു കിടാങ്ങൾ
ഏകാന്തമായ ഇരുട്ടിൽ
ഒരു സാന്ത്വന കൈകളാൽ തലോടും  അമ്മ
എൻ ചെറു നാവുകളിൽ ആദ്യമായി
സ്പർശിക്കുന്ന ഒരു മന്ത്രം അമ്മ
ഇളം ഇതളുകൾ വാടും
അസഹ്യമായ വേനലാൽ
ഇളം കൈകളിൽ അതു
വന്നു പതിക്കവേ
പുഞ്ചിരിയോടെ അത് ഏറ്റുവാങ്ങി
ഒരു തുള്ളി കണ്ണുനീർ വർക്കും അമ്മ .
അമ്മ എന്ന രണ്ടു അക്ഷരം
ദൈവത്തിനു തുല്യം പോൽ എന്നും
മനസ്സിൽ വെളിച്ചം തൂകും
അമ്മ ഒരു നിലവിളക്ക്

-ആബേൽ റെജി

# കൂട്ടുകാരൻ

മരണം ക്ഷണിക്കപ്പെടാത്ത അതിഥി
തടയിടാനാവാത്ത ദുരന്ത പ്രതിഭാസം ,
ദുഃഖ പ്രളയത്തിൽ മുഴുകിയോരെൻ
ഹൃദയത്തിന് വാതിക്കൽ വന്നു നിന്നു .
വരുവിൻ നമുക്കണിചേർന്നുപാടാം ,
മരണത്തെ എന്നും ഒഴിച്ചുമാറ്റാൻ
പ്രാണനറ്റെങ്കിലും നീ വിട്ടുപോവില്ല
നായെൻ മനസ്സിലെ ശംഖുപുഷ്പം .

പനിനീരുപോലെ യെൻ മനസതാരിൽ
സ്നേഹം വിതറിയ കൂട്ടുകാരാ
ഒരു വളപ്പൊട്ടായെൻ
ഹൃദയത്തിന് നീ നിൽക്കേ ,
മരണത്തെ ഞാനേറെ -
അഭിശപ്തമായ് കണ്ടു -




സുകൃതമായ് തീർന്നോരെൻ
പ്രിയതോഴാ നിനക്കായ്
പിരിയുവാനാവില്ലൊരിക്കലു -
മെന്നൊരെൻ മനസ്സമന്ത്രിക്കവേ
മരണത്തിൽ കാലൊച്ച
നമ്മെ വിട്ടകലുന്നു

-അനന്ദു.എസ്

# പുനർജനി

കലിതുള്ളിയാടുന്ന
വേനലിൽ പൊരിയുന്ന
ഒരു പാവം പൂച്ചെടി
നോവായെന്നിൽ ,



കനലായി ചൊരിയുന്ന
സൂര്യന്റെ താപവും
ഉറവ വറ്റുന്നൊരാ
പൃഥിതൻ തേങ്ങലും

ഒക്കെ സഹിച്ചിടാമെന്നെന്നും
പൂക്കൾ വിരിയിച്ചു
കണ്ണിനു കുളിരേകി
പാവമീ പൂച്ചെടി !

ഒരു കുടന്ന നീരിനാൽ
ഞാൻ അവൾക്കേകി
പുണ്യമാം തർപ്പണം
പുനർജനിക്കാശ്വാസമായി !

-പ്രിദ്യ മേരിപ്രസാദ്

# YOU



I tried a lot to stop but jailed
This lore is adamant
Our desire is different from that of lore
Nothing is in our control
Whatever is happening is fate
The desire of this moment
Is the wish of life
May we keep meeting like this
May I remain painted in your colourful,
Heart ever ready for what was
unacceptable to me
I don't know under what intoxication
is my heart after meeting you
With your heart with mine
I am in the presence of god
How can I now be separated even from your lose?
May I always stay in your eyes and arms
May I always stay on the path of your lore
May we keep meeting like this
May I remain painted in your colour

**-Adithya.s.nair**


# അർച്ചനമലരുകൾ

കാലംകഴിഞ്ഞാലും കാഴ്ചകൾ മാഞ്ഞാലും
കാണുന്നു ഞാനാ കണക്കിനാവ്
ജാലകക്കോണിലൂടെ കാണും കലവിപോൽ
നറുനിലാതിങ്കളായ് മനസ്സിൽ നിറയുന്നു
പലരും മുമ്പെ കേൾക്കുന്നൊരു ഗീതി
അതിരാവിലെ 'തിരുസന്നധി ' യെന്ന
മന്ത്രമധുരമാം അമ്മതൻ ഉഷകാലഗീതം
കേട്ടു പഴകിയ പതിഞ്ഞ താളത്തിലുള്ള പഴഞ്ചനലാറം
കാലത്തെണീറ്റാ ലന്തിയാവോളം കരിന്തിരിയാകുന്നു
കാരുണ്യാതികവാകുമെന്നമ്മ
അന്യന്റെ ഒരുതരം വേതന ചൊല്ലുവാൻ
അക്ഷരമുറ്റത്തെ യാഗതരാവോരേ-
അടുക്കളത്തിണ്ണയിൽ പുകമറയ്ക്കുള്ളിൽ
മങ്ങിക്കത്തുന്നൊരു മാതൃഹൃദയം
ഉള്ളിലൊരായിരം കനലെരിയുമ്പോഴ്-
നന്മമരമായി,സ്നേഹനദിയായി,ഈശ്വരഭക്തയായ്
തീകുന്നു പോറ്റുന്നു പുത്തനുണർവോടെയെന്നും
ചാരെയിരുന്നവാൻ
സന്ധ്യക്ക കുരിശുവരയ്ക്കൊപ്പം
കുട്ടിവിളിക്കുന്നു പ്രിയനെ,മക്കളെ
മാതാപിതാക്കളെയെന്നുമൊരു നേർരേഖപോൽ
ഒത്തിരിജാപങ്ങളും ഇത്തിരി നൊമ്പരങ്ങളും
ഒന്നിച്ചുയരുന്നീ സ്നേഹസൗരഭ ധൂപകുട്ടിനൊപ്പം
ജീവിതപാതയിൽ പതറാതെ പാതിക്കുനിർത്താതെ

കര കയറാനുള്ള പാഥേയമായെൻ കാരത്തിലുണ്ട്
എന്നമ്മ പഠിപ്പിച്ച കരുതലിൽ പാഠങ്ങൾ
ക്രിസ്ത്താവധര്മത്തില് തങ്ക വചസ്സുകൾ
ഇന്നലേംങ്കിലുമാകുമോ ഞാനാകും അമ്മയും
മക്കൾ തൻ മനതാരിൻ വിരിയുന്ന
മായാത്ത മംഗള ജ്യോതിസ്സാകുവാൻ
സോദരർ തൻ ഉള്ളിലുണരുന്ന
ബെഥാന്യയിലെ മർത്തയുമാകുവാൻ

**-ഷൈല മാത്യു**

**-----------**



# അക്കരനിക്കണ


അക്കരെ നിക്കണ വേങ്കാമരത്തിലെ
ഒന്നാം തുളസിമേൽ ആടി വാ തുമ്പീ!
ആടിവാ തുമ്പീ നീ അലഞ്ഞു വാ തുമ്പീ
മൂളിവാ തുമ്പീ നീ മുഴങ്ങി വാ തുമ്പീ
ആളുകൾ പോരായോ അലങ്കാരം പോരായോ
ആടിവാ തുമ്പീ നീ അലഞ്ഞു വാ തുമ്പീ!
- കൊട്ടുകൾ പോരായോ കുരവകൾ പോരായോ
മൂളിവാ തുമ്പീ നീ മുഴങ്ങി വാ തുമ്പീ
- എന്തെന്റെ തുമ്പീ നീ തുള്ളാതിരിക്കുന്നു?
- പൂവു പോരായോ പൂക്കൊല പോരായോ?
ആളുകൾ പോരായോ അലങ്കാരം പോരായോ?
ആടിവാ തുമ്പീ നീ അലഞ്ഞു വാ തുമ്പീ!
അലഞ്ഞുവാ തുമ്പീ നീ മൂളിവാ തുമ്പീ!
- മൂളി വാ തുമ്പീ നീ മുഴങ്ങി വാ തുമ്പീ!

**- ശ്രീജിത്ത് വി**




"'വികാരപരമായി കറുപ്പ് ഒരു മോശം നിറമാണ് എന്നാൽ ഓരോ ബ്ലാക്ക് ബോർഡുകളുമാണ് വിദ്യാർത്ഥികളുടെ ജീവിതം ശോഭനമാക്കുന്നത്.''

# AIR POLLUTION



-ANU 5C

**പോപ്പ് പയസിലെ ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കാൻ സഹായിച്ച LK സീനിയർ ആയ ഐവിൻ കോശിക്കും,കൈറ്റ് മാസ്റ്റേഴ്സ് ആയ ഷൈൻ ബാബു ടീച്ചറിനും റിനി ജോർജ് ടീച്ചറിനും എഡിറ്റേഴ്സിന്റെയും കൈറ്റിലെ വിദ്യാർത്ഥികളുടെയും പേരിൽ നന്ദി അർപ്പിച്ചുകൊള്ളുന്നു .**



# THANK YOU